# 125/25-M

ചോദ്യപുസ്തക അക്ഷരകോഡ്

**A**

A

| ചോദ്യ പുസ്തക ക്രമനമ്പർ |
|---|
| |

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 90 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. 17-ാം മത് ബ്രിക്സ് ഉച്ചകോടിയ്ക്ക് വേദിയായ നഗരം

A) ടോക്കിയോ
B) റിയോഡി ജനീറോ
C) കൊൽക്കൊത്ത
D) മോസ്കോ

2. 'ഒരു ദിവസം നമ്മുടെ വായിൽ വീഴാൻ പോകുന്ന ചെറി' എന്ന് അവ്ധിനെപ്പറ്റി പരാമർശിച്ച ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ ആരാണ് ?

A) കഴ്സൺ പ്രഭു
B) ഡഫറിൻ പ്രഭു
C) ഡൽഹൗസി പ്രഭു
D) വെല്ലസ്ലി പ്രഭു

3. താഴെപ്പറയുന്നവയിൽ ശരിയായ ജോഡി/ജോഡികൾ ഏതെല്ലാം ?

i. യങ് ഇന്ത്യ – മഹാത്മാഗാന്ധി
ii. കേസരി – ബാലഗംഗാധർ തിലക്
iii. ദി ലീഡർ – മോത്തിലാൽ നെഹ്റു
iv. കോമൺ വീൽ – ആനിബസന്റ്

A) എല്ലാം ശരിയാണ്
B) i & iii എന്നിവ ശരിയാണ്
C) i മാത്രം ശരിയാണ്
D) i, ii & iv ശരിയാണ്

4. ജനകീയ ചൈന നിലവിൽ വന്നത് എന്നാണ് ?

A) 1949 നവംബർ 1
B) 1949 ഒക്ടോബർ 1
C) 1948 ഒക്ടോബർ 1
D) 1949 ഒക്ടോബർ 11

5. താഴെപ്പറയുന്നവയിൽ മാർത്താണ്ഡവർമ്മയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏവ ?

i. അദ്ദേഹം ഫ്രഞ്ചുകാരുമായി നടത്തിയ യുദ്ധമാണ് കുളച്ചൽ യുദ്ധം.
ii. അദ്ദേഹം ആധുനിക തിരുവിതാംകൂറിന്റെ ശില്പിയാണ്.
iii. പതിവുകണക്ക് എന്ന ബഡ്ജറ്റ് പദ്ധതിയ്ക്ക് രൂപം നൽകി.
iv. തൃശ്ശൂർ പൂരത്തിന്റെ അമരക്കാരനായി അറിയപ്പെട്ടു.

A) ii & iii എന്നിവ
B) i & iv എന്നിവ
C) എല്ലാ പ്രസ്താവനകളും ശരിയാണ്
D) i മാത്രം ശരിയാണ്

6. താഴെപ്പറയുന്നവയിൽ മൂഷകവംശ മഹാകാവ്യവുമായി ബന്ധപ്പെട്ട ശരി പ്രസ്താവനകൾ ഏതെല്ലാം ?

i. ഈ കൃതി 11-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടു.
ii. ശ്രീകണ്ഠൻ എന്ന രാജാവിന്റെ കാലത്താണ് രചിക്കപ്പെട്ടത്.
iii. അതുലൻ എന്ന കവിയാണ് രചയിതാവ്.
iv. രാജതരംഗിണി എന്ന ഗ്രന്ഥം രചിക്കുന്നതിനു മുമ്പ് രചിക്കപ്പെട്ടതാണ് ഈ കൃതി.

A) i മാത്രം ശരിയാണ്
B) iv മാത്രം ശരിയാണ്
C) എല്ലാം ശരിയാണ്
D) i, iii & iv എന്നിവ ശരിയാണ്

7. ഭൂകമ്പം വിവിധ ദിശകളിലേക്ക് തരംഗരൂപത്തിൽ ഊർജ്ജം മോചിപ്പിക്കപ്പെടുന്നതിന് കാരണമാകുന്നു. ഭൂകമ്പം സൃഷ്ടിക്കുന്ന തരംഗങ്ങൾ വ്യത്യസ്ത തരത്തിലാണ് സഞ്ചരിക്കുന്നത്. താഴെ നൽകിയിട്ടുള്ള ഭൂകമ്പ തരംഗങ്ങളിൽ ഏത് തരംഗമാണ് തരംഗ ദിശയ്ക്ക് സമാന്തരമായി കമ്പനം സൃഷ്ടിക്കുകയും തന്മൂലം പദാർത്ഥങ്ങൾക്ക് വികാസ സങ്കോചങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നത് ?

പ്രാഥമിക തരംഗം ദ്വിതീയ തരംഗം പ്രതല തരംഗം

A) പ്രാഥമിക തരംഗം
B) ദ്വിതീയ തരംഗം
C) പ്രാഥമിക തരംഗവും ദ്വിതീയ തരംഗവും
D) പ്രതല തരംഗം

8. നദികൾ വിവിധ നിക്ഷേപണ ഭൂരൂപങ്ങൾ സൃഷ്ടിക്കാറുണ്ട്, അതിൽ ഒന്നാണ് ഡെൽറ്റകൾ. താഴെ നൽകിയിട്ടുള്ള നദികളിൽ ഡെൽറ്റ സൃഷ്ടിക്കുന്ന നദി/നദികൾ കണ്ടെത്തുക.

നർമ്മദ കാവേരി പെരിയാർ മഹാനദി

A) നർമ്മദ
B) നർമ്മദയും മഹാനദിയും
C) കാവേരിയും പെരിയാറും
D) കാവേരിയും മഹാനദിയും

9. 1 : 50,000 സ്കെയിലിലുള്ള ഒരു ടോപ്പോഗ്രഫിക് മാപ്പിൽ 2 സെ. മീ. അളവിലുള്ള ദൂരം യഥാർത്ഥത്തിൽ എത്ര കിലോമീറ്ററാണ് ?

A) 0.5 കിലോമീറ്റർ
B) 1 കിലോമീറ്റർ
C) 2 കിലോമീറ്റർ
D) 10 കിലോമീറ്റർ

10. താഴെ നൽകിയിട്ടുള്ള സ്ഥലങ്ങളിൽ ഏതൊക്കെ സ്ഥലങ്ങളെയാണ് ദേശീയ ജലപാത 2 (NW-2) ബന്ധിപ്പിക്കുന്നത് ?

A) ഹാൽദിയ – അലഹബാദ്
B) കോട്ടപ്പുറം – കൊല്ലം
C) സാദിയ – ധുബ്രി
D) കാക്കിനട – രജമുന്ദ്രി

11. താഴെ തന്നിരിക്കുന്നതിൽ ഏത് ജില്ലയാണ് കൂടുതൽ ജില്ലകളുമായി അതിർത്തി പങ്കിടുന്നത് ?

A) കൊല്ലം
B) വയനാട്
C) പത്തനംതിട്ട
D) പാലക്കാട്

12. ലോക സുസ്ഥിര വികസന ഉച്ചകോടി-2025 (WSDS-2025) നടന്ന രാജ്യം

A) റഷ്യ
B) ചൈന
C) ഇന്ത്യ
D) ബ്രസീൽ

13. അന്താരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നത് താഴെ പറയുന്നവയിൽ ഏതാണ് ?

1. IBRD 2. IMF 3. WTO 4. WHO

A) 1 & 3 ശരി
B) 3 & 4 ശരി
C) 1 & 2 ശരി
D) 1 മാത്രം ശരി

14. 1980 കളിൽ ഇന്ത്യയിലെ സാമ്പത്തിക പ്രതിസന്ധി കൂടുതൽ രൂക്ഷമാകാൻ കാരണമായ ഘടകം
   1. വിദേശവിനിമയക്ഷാമവും എണ്ണവില വർധനവും.
   2. വിലചുരുക്കവും വിദേശ വിനിമയമിച്ചവും.
   3. കയറ്റുമതി മിച്ചം.

   A) ഇവയൊന്നുമല്ല
   B) 1 മാത്രം
   C) 2 മാത്രം
   D) 3 മാത്രം

15. ഹരിത വിപ്ലവത്തിന്റെ ആദ്യഘട്ടത്തിൽ (1960-1970) ഏറ്റവും കൂടുതൽ പ്രയോജനം ലഭിച്ചത് ഏത് സംസ്ഥാനങ്ങൾക്കാണ് ?
   1. കേരളം, ഗോവ
   2. പഞ്ചാബ്, ആന്ധ്രപ്രദേശ്, തമിഴ്നാട്
   3. ബീഹാർ, ഒഡീഷ
   4. ഗുജറാത്ത്, മഹാരാഷ്ട്ര

   A) 4, 3 മാത്രം
   B) 2 മാത്രം
   C) 1 മാത്രം
   D) 4 മാത്രം

16. പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യവുമായി ബന്ധപ്പെട്ടവ ചേരുംപടി ചേർക്കുക.

| | |
|---|---|
| 1. ആധുനികവൽക്കരണം | a. അടിസ്ഥാന ആവശ്യങ്ങളുടെ സാക്ഷാത്കാരം |
| 2. സ്വാശ്രയത്വം | b. പുതിയ സാങ്കേതികവിദ്യ |
| 3. സമത്വം | c. ഇറക്കുമതി ബദൽ |
| 4. നീതി | |

   A) 1-c, 2-a, 3-b
   B) 1-c, 2-b, 4-a
   C) 1-b, 2-c, 3-a
   D) 1-a, 2-b, 4-c

17. ഹരിത വിപ്ലവത്തിന്റെ പ്രധാന ഘടകങ്ങൾ ഇവയാണ്
   1. HYV വിത്തുകൾ.
   2. സുസ്ഥിര വികസനം.
   3. രാസവളങ്ങളും കീടനാശിനികളും.
   4. ട്രാക്ടർ പമ്പ് സെറ്റ് തുടങ്ങിയ ആധുനിക ഉപകരണങ്ങൾ.
   5. ജൈവ വിത്തിന്റെയും ജൈവവളങ്ങളുടെയും ഉപയോഗം.

   A) 1, 4, 5 ശരി
   B) ഇവയെല്ലാം
   C) 1, 3, 4 ശരി
   D) 1, 2, 4 ശരി

18. നീതി ആയോഗിന്റെ വൈസ് ചെയർമാൻ ആര് ?

   A) സുമൻ ബെറി
   B) അമിത് ഷാ
   C) നരേന്ദ്രമോദി
   D) ദ്രൗപതി മുർമു

19. ആഗസ്റ്റ് 25 മുതൽ അമേരിക്ക ഇന്ത്യയിലെ കയറ്റുമതികൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന നികുതി നിരക്ക് എത്ര ശതമാനമാണ് ?

A) 25% B) 30% C) 40% D) 50%

20. ഭരണഘടനാ നിർമ്മാണ സമിതി രൂപീകരിക്കാൻ കാരണമായ ബ്രിട്ടീഷ് പദ്ധതി ഏത് ?

A) ക്യാബിനറ്റ് മിഷൻ പദ്ധതി
B) മൗണ്ട്ബാറ്റൻ പദ്ധതി
C) സൈമൺ കമ്മീഷൻ പദ്ധതി
D) ക്രിപ്സ്മിഷൻ പദ്ധതി

21. താഴെ പറയുന്നവയിൽ വിദ്യാഭ്യാസത്തിനുള്ള അവകാശവുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയായത് ഏത് ?

1. രാഷ്ട്രം 14 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം നൽകേണ്ടതാണ്.
2. 2002-ലെ 86-ാം ഭരണഘടനാ ഭേദഗതിയിലൂടെയാണ് വിദ്യാഭ്യാസത്തിനുള്ള അവകാശം മൗലികാവകാശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയത്.
3. ഭരണഘടനയുടെ ആർട്ടിക്കിൾ 21 (B) യിലാണ് വിദ്യാഭ്യാസത്തിനുള്ള അവകാശം ഉൾപ്പെടുത്തിയിരിക്കുന്നത്.
4. 1976-ലെ 42-ാം ഭരണഘടനാ ഭേദഗതിയിലൂടെയാണ് വിദ്യാഭ്യാസത്തിനുള്ള അവകാശം മൗലികാവകാശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയത്.

A) 2 & 4 ശരി
B) 1 & 3 ശരി
C) 1 & 2 ശരി
D) എല്ലാം ശരി

22. സൈബർ നിയമങ്ങളിൽ നിയമനിർമ്മാണങ്ങൾ നടത്തുവാനുള്ള അധികാരം ആർക്ക് ?

A) സംസ്ഥാന മന്ത്രിസഭകൾക്ക്
B) സംസ്ഥാന നിയമസഭകൾക്ക്
C) കേന്ദ്രമന്ത്രി സഭക്ക്
D) കേന്ദ്രപാർലമെന്റിന്

23. ഭരണഘടനയുടെ ആമുഖത്തിൽ വിട്ടുപോയ ഭാഗം എഴുതുക.
ഭാരതത്തിലെ ജനങ്ങളായ നാം ഭാരതത്തെ ഒരു ____________ സോഷ്യലിസ്റ്റ് മതേതര ജനാധിപത്യ റിപ്പബ്ലിക്കായി പ്രഖ്യാപിക്കുന്നു.

A) പരമാധികാര
B) സ്വതന്ത്ര
C) സമത്വാധിഷ്ഠിത
D) നീതിയുക്ത

24. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നത് ആരാണ് ?

A) ബ്ലോക്ക് പഞ്ചായത്ത്
B) ഗ്രാമ പഞ്ചായത്ത്
C) ജില്ലാ പഞ്ചായത്ത്
D) ഇവരെല്ലാവരും

25. ഇന്ത്യയിൽ ആദ്യമായി ഏകീകൃത സിവിൽകോഡ് നടപ്പിലാക്കിയ സംസ്ഥാനം ഏത് ?

A) ഝാർഖണ്ഡ്
B) ഉത്തർപ്രദേശ്
C) ഉത്തരാഖണ്ഡ്
D) ഗുജറാത്ത്

26. ഇന്ത്യയുടെ ഇപ്പോഴത്തെ സംയുക്ത സൈനിക മേധാവി ആര് ?
   A) ജനറൽ വി. ആർ. ചൗധരി
   B) ജനറൽ ബിപിൻ റാവത്ത്
   C) ജനറൽ മനോജ് പാണ്ഡെ
   D) ജനറൽ അനിൽ ചൗഹാൻ

27. രാത്രികാലങ്ങളിൽ ഒറ്റപ്പെട്ടുപോകുന്ന സ്ത്രീകൾക്ക് പോലീസ് സഹായം ലഭ്യമാക്കുന്ന പദ്ധതിയുടെ പേര് എന്ത് ?
   A) നിഴൽ പദ്ധതി
   B) നിർഭയ പദ്ധതി
   C) ശക്തി സെൽ പദ്ധതി
   D) പിങ്ക് പ്രൊട്ടക്ഷൻ പദ്ധതി

28. സംസ്ഥാന സിവിൽ സർവ്വീസുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രസ്താവനകളിൽ തെറ്റായ പ്രസ്താവന ഏത് ?
   A) സംസ്ഥാന ലിസ്റ്റിൽപ്പെട്ട വിഷയങ്ങളുടെ ഭരണനിർവ്വഹണം നടത്തുന്ന ഉദ്യാഗസ്ഥ വിഭാഗമാണ് സംസ്ഥാന സിവിൽ സർവ്വീസ്.
   B) സംസ്ഥാന സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ നിയമനങ്ങൾ നടത്തുന്നത് സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനാണ്.
   C) സംസ്ഥാന ഗവർണ്ണറുടെ നേതൃത്വത്തിലുള്ള ഒരു ഉദ്യോഗസ്ഥ ഭരണ സംവിധാനമാണ് സംസ്ഥാന സിവിൽ സർവ്വീസ്.
   D) ഇവരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നത് സംസ്ഥാന ഗവൺമെന്റാണ്.

29. ഇപ്പോഴത്തെ കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ ചെയർമാൻ ആര് ?
   A) Dr. വിൽസൺ F
   B) K. V. മനോജ് കുമാർ
   C) മോഹൻകുമാർ B
   D) സിസിലി ജോസഫ്

30. ലോക തണ്ണീർതട ദിനം എന്ന് ?
   A) ജൂൺ 5
   B) മാർച്ച് 21
   C) മാർച്ച് 22
   D) ഫെബ്രുവരി 2

31. കേരള ദുരന്തനിവാരണ അതോറിറ്റി (KSDMA) യുടെ അദ്ധ്യക്ഷൻ ആര് ?
   A) ചീഫ് സെക്രട്ടറി
   B) ഗവർണർ
   C) മുഖ്യമന്ത്രി
   D) റവന്യൂ മന്ത്രി

32. കേരള സർക്കാരിന്റെ ''മന്ദഹാസം'' പദ്ധതി ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു ?
   A) സ്ത്രീ സംരക്ഷണം
   B) വയോജന സംരക്ഷണം
   C) കുട്ടികളുടെ സംരക്ഷണം
   D) ഇവയെല്ലാം

33. രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ കോടതി സ്ഥിതി ചെയ്യുന്ന ജില്ല ഏത് ?
   A) കൊല്ലം
   B) തിരുവനന്തപുരം
   C) എറണാകുളം
   D) കോഴിക്കോട്

34. ചിക്കൻപോക്സ് രോഗം ഉണ്ടാക്കുന്ന വൈറസ്
A) റിനോ വൈറസ്
B) വാരിയോള വൈറസ്
C) വാരിസെല്ല-സോസ്റ്റർ വൈറസ്
D) ഇൻഫ്ലുവൻസ വൈറസ്

35. നിറങ്ങൾ തിരിച്ചറിയാനും തീവ്രപ്രകാശത്തിൽ വസ്തുക്കളെ കാണാനും സഹായിക്കുന്ന കണ്ണിലെ കോശങ്ങൾ
A) കോൺ കോശങ്ങൾ
B) റോഡ് കോശങ്ങൾ
C) ലാക്രിമൽ കോശങ്ങൾ
D) ഓക്സിന്റിക് കോശങ്ങൾ

36. ''ഉപ്പ് നിലനിറുത്തൽ ഹോർമോൺ'' എന്നറിയപ്പെടുന്ന ഹോർമോൺ ഏത് ?
A) വാസോപ്രസ്സിൻ
B) ആൽഡോസ്റ്റിറോൺ
C) അഡ്രിനാലിൻ
D) സൊമാറ്റോ സ്റ്റാറ്റിൻ

37. രക്തത്തിലെ ഏതു ഘടകം അനാരോഗ്യകരമായ അളവിലേക്ക് താഴുമ്പോഴാണ് അനിയന്ത്രിതമായ രക്തസ്രാവം ഉണ്ടാകുന്നത് ?
A) എറിത്രോസൈറ്റ്സ്
B) ലൂക്കോസൈറ്റ്സ്
C) ഹീമോഗ്ലോബിൻ
D) ത്രോംബോസൈറ്റ്സ്

38. 'റെഡ് ഡേറ്റാ ബുക്ക് ' പ്രസിദ്ധീകരിക്കുന്നതും പരിപാലിക്കുന്നതും ഏത് അന്താരാഷ്ട്ര സംഘടനയാണ് ?
A) IUCN
B) ICZN
C) ICBN
D) IBWL

39. 'ബയോഡൈവേഴ്സിറ്റി' എന്ന പദം പ്രചാരത്തിലാക്കിയ ജീവശാസ്ത്രകാരൻ
A) ഏണസ്റ്റ് ഹെയ്ക്കൽ
B) എഡ്വേർഡ് വിൽസൺ
C) ആർതർ ടാൻസ്‌ലി
D) റോബർട്ട് മേയ്

40. 2021-ൽ മലേറിയ തടയുന്നതിനായി ലോകാരോഗ്യ സംഘടന അംഗീകരിച്ച വാക്സിൻ ഏത് ?
A) ഹാവിഷർ
B) സൈക്കോവ് – ഡി
C) മോസ്ക്വിറിക്സ്
D) പ്രിവെനാർ

41. താഴെപ്പറയുന്നവയിൽ വാക്സിനേഷൻ വഴി തടയാൻ കഴിയാത്ത രോഗം ഏത് ?
A) ബെറിബെറി
B) റേബീസ്
C) ടൈഫോയിഡ്
D) അഞ്ചാം പനി

42. ISRO യുടെ നിലവിലെ ചെയർമാൻ ആരാണ് ?
A) എസ്. സോമനാഥ്
B) കെ. ശിവൻ
C) വി. നാരായണൻ
D) കെ. രാധാകൃഷ്ണൻ

43. വൈക്കം മുഹമ്മദ് ബഷീറിന്റെ മതിലുകൾ എന്ന നോവലിന്റെ എത്രാമത്തെ വാർഷികമാണ് 2025 ജൂലൈ മാസത്തിൽ ആചരിച്ചത് ?
A) 50
B) 60
C) 55
D) 70

44. അന്തരീക്ഷ ആർദ്രത അളക്കാൻ ഉപയോഗിക്കുന്ന ഉപകരണം

A) ബാരോ മീറ്റർ
B) തെർമോ മീറ്റർ
C) ഹൈഗ്രോ മീറ്റർ
D) ഹൈഡ്രോ മീറ്റർ

45. രാത്രി കാഴ്ചാ ഉപകരണങ്ങൾ പ്രവർത്തിക്കാൻ സഹായിക്കുന്ന വൈദ്യുത കാന്തിക തരംഗം ഏത് ?

A) അൾട്രാ വയലറ്റ് രശ്മികൾ
B) എക്സ് കിരണങ്ങൾ
C) റേഡിയോ തരംഗങ്ങൾ
D) ഇൻഫ്രാറെഡ് രശ്മികൾ

46. ഒരു വസ്തുവിൽ 10 N ബലം അഞ്ചു സെക്കന്റു നേരത്തേക്ക് അനുഭവപ്പെടുന്നു. വസ്തു സഞ്ചരിച്ച ദൂരം 4 മീറ്റർ ആണെങ്കിൽ ചിലവഴിക്കപ്പെട്ട പവർ എത്ര ?

A) 8 W
B) 12.5 W
C) 2 W
D) 6 W

47. അറ്റോമിക നമ്പറും ആവർത്തന പട്ടികയിലെ സ്ഥാനവും അനുസരിച്ച് ചുവടെ തന്നിരിക്കുന്ന മൂലകങ്ങളെ ലോഹ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കുക.

Ge, Mg, K, Se, Rb

A) Ge > K > Mg > Rb > Se
B) Rb > K > Mg > Ge > Se
C) K > Mg > Ge > Rb > Se
D) Se > Ge > K > Mg > Rb

48. ലൗറി-ബ്രോൺസ്റ്റഡ് തത്വമനുസരിച്ച് ആസിഡും ബേസും വിശേഷിപ്പിച്ചിരിക്കുന്നത്

A) ആസിഡ് $H^+$ ദാതാവ്, ബേസ് $OH^-$ ദാതാവ്
B) ആസിഡ് $OH^-$ദാതാവ്, ബേസ് $H^+$ ദാതാവ്
C) ആസിഡ് $H^+$ ദാതാവ്, ബേസ് $H^+$ സ്വീകർത്താവ്
D) ആസിഡ് $H^+$ സ്വീകർത്താവ്, ബേസ് $H^+$ ദാതാവ്

49. സർജിക്കൽ ഉപകരണങ്ങൾ ഓട്ടോക്ലേവ് ഉപയോഗിച്ച് അണു നശീകരണം നടത്തുമ്പോൾ സംഭവിക്കുന്നത്

1. ജലത്തിന്റെ തിളനില കൂടുന്നു.
2. ജലത്തിന്റെ തിളനില കുറയുന്നു.
3. ഓട്ടോക്ലേവിലെ മർദ്ദം അന്തരീക്ഷ മർദ്ദത്തേക്കാൾ കൂടുതൽ.
4. ഓട്ടോക്ലേവിലെ മർദ്ദം അന്തരീക്ഷ മർദ്ദത്തേക്കാൾ കുറവ്.

A) 1 മാത്രം
B) 2 and 3
C) 1 and 4
D) 1 and 3

50. ലോകത്ത് ആദ്യമായി സമ്പൂർണമായും ഹൈഡ്രജൻ ഊർജത്തിൽ പ്രവർത്തിക്കുന്ന യാത്രാ റെയിൽ സംവിധാനം സ്ഥാപിച്ച രാജ്യം

A) ജർമ്മനി B) ഫ്രാൻസ് C) ജപ്പാൻ D) അമേരിക്ക

51. ഇന്ത്യയിലെ ആദ്യത്തെ ഫ്ലോ കെമിസ്ട്രി ടെക്നോളജി ഹബ് എവിടെയാണ് ?

A) വിശാഖപട്ടണം
B) ജയ്പൂർ
C) ഹൈദരാബാദ്
D) ചെന്നൈ

52. 2024-ലെ കേരള സാഹിത്യ അക്കാദമി പുരസ്ക്കാരം ലഭിച്ച കൃതികൾ ഏതെല്ലാം ?

1. ആനോ
2. ഗരിസപ്പാ അരുവി അഥവാ ഒരു ജലയാത്ര
3. മുഴക്കം
4. ആരോഹണം ഹിമാലയം

A) 1, 2 B) 2, 3, 4 C) 1, 2, 4 D) 1, 3, 4

53. 2025-ലെ പത്മഭൂഷൺ പുരസ്ക്കാരം ലഭിച്ച മലയാളി കായികതാരം

A) ഐ. എം. വിജയൻ
B) ശ്രീജേഷ് പി. ആർ.
C) കെ. എം. ബീനാമോൾ
D) എൽദോസ് പോൾ

54. തകഴി ശിവശങ്കരപ്പിള്ളയുടെ ഏതു നോവലിലെ കേന്ദ്രകഥാപാത്രങ്ങളാണ് കോരനും ചിരുതയും ചാത്തനും ?

A) രണ്ടിടങ്ങഴി
B) ഏണിപ്പടികൾ
C) കയർ
D) അനുഭവങ്ങൾ പാളിച്ചകൾ

55. ചേരുംപടി ചേർക്കുക.

| A | B |
|---|---|
| 1. കൂടിയാട്ടം | a. എഴുപറ |
| 2. തോൽപാവ കൂത്ത് | b. തപ്പ് |
| 3. പടയണി | c. ഓണവില്ല് |
| 4. കുമ്മാട്ടിക്കളി | d. മിഴാവ് |

A) 1-c, 2-d, 3-a, 4-b
B) 1-d, 2-c, 3-b, 4-a
C) 1-a, 2-d, 3-c, 4-b
D) 1-d, 2-a, 3-b, 4-c

56. ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ ഒളിമ്പിക് മെഡൽ ജേതാവ്

A) അമൻ സെഹ്റാവത്ത്
B) ഹർമൻപ്രീത് സിംഗ്
C) നീരജ് ചോപ്ര
D) മനു ബാക്കർ

57. അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ
– ഈ വരികൾ ആരുടേതാണ് ?

A) ശ്രീനാരായണഗുരു
B) കുമാരനാശാൻ
C) വള്ളത്തോൾ
D) പി. പി. രാമചന്ദ്രൻ

58. താഴെ കൊടുത്തിരിക്കുന്നവയിൽ തെറ്റായ ജോടി കണ്ടെത്തുക.

A) ചിനക്കത്തൂർ പൂരം – പാലക്കാട് ജില്ല
B) ചെട്ടിക്കുളങ്ങര ഭരണി – ആലപ്പുഴ ജില്ല
C) അത്തച്ചമയം – എറണാകുളം ജില്ല
D) മച്ചാട്ടു മാമാങ്കം – മലപ്പുറം ജില്ല

59. ട്വിസ്റ്റഡ് പെയർ (Twisted Pair) കേബിളിനെ കംപ്യൂട്ടറുമായി ബന്ധിപ്പിക്കാൻ ഉപയോഗിക്കുന്ന കണക്ടർ ഏതാണ് ?

A) RJ45
B) RJ11
C) BNC
D) ST Connector

60. താഴെ തന്നിരിക്കുന്നവയിൽ വെബ് ഡിസൈനിങ് സോഫ്റ്റ്‌വെയർ അല്ലാത്തത് ഏതാണ് ?

A) ബ്ലൂഫിഷ് (Bluefish)
B) ബൂട്ട്സ്ട്രാപ്പ് (Bootstrap)
C) അഡോബ് ഡ്രീം വീവർ (Adobe Dreamweaver)
D) ഫയൽസില്ല (Filezila)

61. താഴെ കൊടുത്തിരിക്കുന്ന മെമ്മറി ഉപകരണങ്ങളെ അവയുടെ സംഭരണ ശേഷി യുടെ ആരോഹണ ക്രമത്തിൽ (കുറഞ്ഞ ശേഷിയിൽ നിന്ന് കൂടിയ ശേഷിയിലേക്ക്) ക്രമീകരിച്ചിരിക്കുന്നത് ഏതാണ് ?

A) രജിസ്റ്റർ, ക്യാഷ്, റാം, ഹാർഡ് ഡിസ്ക്
B) ക്യാഷ്, രജിസ്റ്റർ, ഹാർഡ് ഡിസ്ക്, റാം
C) ഹാർഡ് ഡിസ്ക്, ക്യാഷ്, രജിസ്റ്റർ, റാം
D) റാം, ക്യാഷ്, രജിസ്റ്റർ, ഹാർഡ് ഡിസ്ക്

62. കേരളത്തിലെ സ്കൂൾ അദ്ധ്യാപകർക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) പരിശീലനം നൽകിയത് ഏതു സ്ഥാപനം ആണ് ?

A) CDIT
B) NIC
C) KITE
D) KELTRON

63. 71-ാംമത് ദേശീയ ചലച്ചിത്ര അവാർഡുകളിൽ മികച്ച മലയാള ചിത്രത്തിനുള്ള അവാർഡ് ലഭിച്ചത്

A) നൻപകൽ നേരത്ത് മയക്കം
B) ഉള്ളൊഴുക്ക്
C) മധുര മനോഹര മോഹം
D) ദി കേരള സ്റ്റോറി

64. കേന്ദ്ര വിവരാവകാശ കമ്മീഷന്റെ ഘടന

A) ഒരു മുഖ്യ കമ്മീഷണർ മാത്രം
B) മുഖ്യ കമ്മീഷണർ + പരമാവധി 10 കമ്മീഷണർമാർ
C) 15 അംഗങ്ങൾ
D) സംസ്ഥാന ഗവർണർമാർ

65. സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത് ആര് ?

A) ഗവർണർ
B) മുഖ്യമന്ത്രി
C) രാഷ്ട്രപതി
D) നിയമസഭാ സ്പീക്കർ

66. POCSO നിയമം ഏത് തരത്തിലുള്ള നിയമമാണ് ?

A) പുരുഷന്മാർക്കെതിരെയുള്ളത് മാത്രം
B) സ്ത്രീകൾക്കെതിരെയുള്ളത് മാത്രം
C) ലിംഗനിരപേക്ഷം (Gender Neutral)
D) കുട്ടികൾക്കുള്ളത് മാത്രം പെൺകുട്ടികൾക്ക്

67. POCSO നിയമ പ്രകാരം കേസ് തീർക്കേണ്ട പരമാവധി സമയം

A) 3 മാസം
B) 6 മാസം
C) 1 വർഷം
D) 2 വർഷം

68. എൻ എച്ച് ആർ സി അവരുടെ വാർഷിക റിപ്പോർട്ടുകൾ സമർപ്പിക്കുന്നത്

A) പ്രധാനമന്ത്രി
B) പാർലമെന്റ്
C) സുപ്രീം കോടതി
D) ആഭ്യന്തര മന്ത്രാലയം

69. PWDVA, 2005 പ്രകാരം മജിസ്ട്രേറ്റിന്റെ ഉത്തരവിനെതിരെയുള്ള അപ്പീൽ നൽകേണ്ടത് ?

A) ഹൈക്കോടതി
B) സെഷൻസ് കോടതി
C) ജില്ലാ ജഡ്ജി
D) സുപ്രീം കോടതി

70. ഉപഭോക്തൃ സംരക്ഷണ നിയമം, 2019 (CPA 2019) പ്രകാരം ജില്ലാ കമ്മീഷന്റെ അധികാരം (Jurisdiction) ബാധകമാകുന്നത് എത്ര രൂപ വരെയുള്ള പരാതികളിലേക്കാണ് ?

A) ₹ 20 ലക്ഷം വരെ
B) ₹ 50 ലക്ഷം വരെ
C) ₹ 1 കോടി വരെ
D) ₹ 5 കോടി വരെ

71. $\frac{3^5 \times 5^4 \times 7^3}{21^3 \times 25^2}$ ന്റെ വില കാണുക.

A) 9 B) 35 C) 15 D) 21

72. 2, 4, 6, 8, 10 ... എന്ന സംഖ്യാശ്രേണിയിലെ 20-ാംമത്തെ പദം കാണുക.

A) 40 B) 36 C) 52 D) 44

73. ഒരു ക്ലോക്കിൽ സമയം 5 മണി 20 മിനിറ്റ് ആകുമ്പോൾ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും തമ്മിലുള്ള കോണളവ് എത്ര ?

A) $40^\circ$ B) $30^\circ$ C) $80^\circ$ D) $60^\circ$

74. ഒരു ത്രികോണത്തിന്റെ വശങ്ങൾ 3 cm, 4 cm, 5 cm ആയാൽ ആ ത്രികോണത്തിന്റെ വിസ്തീർണ്ണം കാണുക.

A) 9 $cm^2$ B) 6 $cm^2$ C) 10 $cm^2$ D) 15 $cm^2$

75. 3 മീറ്ററിന്റെ എത്ര ശതമാനമാണ് 90 cm ?

A) 10% B) 30% C) 27% D) 45%

76. രണ്ട് അർദ്ധഗോളങ്ങളുടെ ആരങ്ങൾ തമ്മിലുള്ള അനുപാതം 3 : 4 ആണെങ്കിൽ അവയുടെ വക്രതല വിസ്തീർണ്ണങ്ങൾ തമ്മിലുള്ള അനുപാതം എത്ര ?

A) 16 : 9 B) 9 : 16 C) 9 : 18 D) 16 : 32

77. P എന്നത് + ഉം, Q എന്നത് – ഉം, R എന്നത് × ഉം, S എന്നത് ÷ ഉം ആയാൽ 20 P 32 Q 5 R 10 S 2 എത്ര ?

A) 22 B) 27 C) 25 D) 30

78. ഒരു ക്യൂവിൽ കേശു പിന്നിൽ നിന്ന് പത്താമതും മുന്നിൽ നിന്നു എട്ടാമതും ആണെങ്കിൽ എത്ര പേർ ക്യൂവിലുണ്ട് ?

A) 18 B) 17 C) 19 D) 20

79. aab, bbc, ccd എന്ന അക്ഷര ക്രമത്തിലെ അടുത്ത പദം ഏതാണ് ?

A) dee B) aad C) ccb D) abc

80. $16\frac{1}{4}\%$ ന്റെ പകുതിയുടെ ദശാംശ രൂപം എഴുതുക.

A) 0.8125 B) 0.08125 C) 0.625 D) 0.0625

81. Which of the following is an adjective ?

A) Sad B) Sadly C) Sadness D) Sadden

82. Change the sentence “I know him.” into passive voice.

A) He was known by me. B) He is known to me.

C) He has been known to me. D) He is being known by me.

83. He climbed ______________ highest mountain in the region.

A) a B) an C) the D) no article

84. Which sentence uses a gerund correctly ?

A) He suggested to go for a walk.

B) He suggested go for a walk.

C) He suggested to going for a walk.

D) He suggested going for a walk.

85. He had hardly finished his meal, _________ ?

A) hadn’t he B) had he C) did he D) didn’t he

86. The antonym of “melancholy” is

A) Sorrow B) Gloom

C) Joy D) Misery

87. Choose the appropriate collective noun.

The ____________ of judges took a unanimous decision.

A) committee B) jury C) panel D) bench

88. Identify the correctly spelled word.

A) Refference B) Referance

C) Reference D) Referrence

89. One who is new to a profession or activity.

A) Novice B) Amateur

C) Recruit D) Learner

90. What does the idiom “let the cat out of the bag” mean ?

A) To release a cat B) To reveal a secret carelessly

C) To say something suspicious D) To drop the bag

91. കൂട്ടത്തിൽ പെടാത്തത് ഏത് ?

A) കനകം B) കാഞ്ചനം C) ഹേമം D) ബന്ധുരം

92. ചന്ദ്രഹാസമിളക്കുക എന്ന ശൈലിയുടെ അർത്ഥം

A) കോപിക്കുക

B) അട്ടഹസിക്കുക

C) പരിഹസിക്കുക

D) പുച്ഛിക്കുക

93. താഴെക്കൊടുത്തിരിക്കുന്നതിൽ ശരിയായ പദം ഏത് ?

A) ഹരിച്ച്രന്ദൻ B) ഹരിച്ഛന്ദ്രൻ C) ഹരിശ്ചന്ദ്രൻ D) ഹരിചന്ദ്രൻ

94. അത്യധ്വാനം കൊണ്ടുള്ള അവശത എന്നതിന്റെ ഒറ്റപ്പദം

A) ക്ലേശം B) ഊപ്പാട് C) താന്തത D) പരവശത

95. പത്രാധിപർ എന്ന പദം താഴെക്കൊടുത്തിരിക്കുന്നതിൽ ഏത് വിഭാഗത്തിൽ പ്പെടുന്നു ?

A) ഏകവചനം

B) ബഹുവചനം

C) പൂജക ബഹുവചനം

D) സർവ്വനാമം

96. ഗാഢം എന്ന പദത്തിന്റെ വിപരീതം ഏത് ?

A) ശിഥിലം

B) അഗാഢം

C) അവഗാഢം

D) സാന്ദ്രം

97. ചിദാകാശം എന്ന പദം പിരിച്ചെഴുതിയാൽ

A) ചിത്ത + ആകാശം

B) ചിത് + ആകാശം

C) ചിദ് + ആകാശം

D) ചിന്ത് + ആകാശം

98. ജാമാതാവ് എന്നതിന്റെ സ്ത്രീലിംഗ രൂപം ഏത് ?

A) സ്വസാവ്

B) ഭ്രാതാവ്

C) ഹന്താവ്

D) സ്നുഷ

99. To smell a rat എന്ന ഇംഗ്ലീഷ് ശൈലിയുടെ ശരിയായ വിവർത്തനം

A) മൂഷികമണം

B) സംശയാസ്പദം

C) കൈപിടിയിലാക്കുക

D) പാത്തും പതുങ്ങിയും

100. ഏട്ടിലെ പശു പുല്ലു തിന്നില്ല എന്ന പഴഞ്ചൊല്ലിന് ചേരുന്ന അർത്ഥം

A) പുസ്തകജ്ഞാനം പ്രധാനം

B) പ്രായോഗിക ജ്ഞാനം അല്ല തത്ത്വമാണ് പ്രധാനം

C) അനുഭവമല്ല അറിവാണ് പ്രധാനം

D) തത്ത്വമല്ല പ്രായോഗിക ജ്ഞാനമാണ് പ്രധാനം

## Space for Rough Work